മലയാള മനോരമ

6 November 2023

# ആൽവിൻ ആന്റോയ്ക്ക് പരിസ്ഥിതി പുരസ്കാരം



കൊച്ചി ● പരിസ്ഥിതി പഠനത്തിനുള്ള ഹാസ്മുഖ് ഷാ മെമ്മോറിയൽ ദേശീയ പുരസ്കാരത്തിന് (2 ലക്ഷം രൂപ) സിഎംഎഫ്ആർഐയിലെ യങ് പ്രഫഷനൽ ആൽവിൻ ആന്റോ അർഹനായി. ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണത്തിനാണു പുരസ്കാരം.

ഗുജറാത്ത് ഇക്കോളജിക്കൽ സൊസൈറ്റി ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരം ജനുവരിയിൽ വഡോദരയിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും.